ഉത്തരം

(എ&ബി) സ്വീകരിച്ചിട്ടുണ്ട്. 2006-07 സാമ്പത്തികവർഷം മുതൽ 2009-10 സാമ്പത്തികവർഷം വരെ 62.76 കോടി രൂപ ഹയർ സെക്കന്ററി മേഖലയിൽ ലബോറട്ടറിയുടെയും ലൈബ്രറികളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനായി 12-ാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ അനുവദിക്കുകയുണ്ടായി. ഇവയിൽ 39.00 കോടി രൂപ 78 സ്കൂളുകളിൽ ലബോറട്ടറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ചെലവഴിച്ചു. ബാക്കി 23.76 കോടി രൂപ 278 സ്കൂളുകളിൽ ലബോറട്ടറി ഉപകരണങ്ങൾ, ഫർണിച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തി.

(സി) ഈ വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഡി) ഇതിലേക്ക് ഫണ്ട് ലഭ്യമാക്കണമോ എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള കാര്യമാണ്. സർക്കാർ ഇടപെടൽ അഭികാമ്യമാണെന്ന് കരുതുന്നില്ല.

ഹയർ സെക്കന്ററി സ്ക്കൂളുകളിലെ കരിയർ ഗൈഡൻസ് കൗൺസിലിംഗ് കേന്ദ്രങ്ങൾ

65 (5200) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി സ്ക്കൂളുകളിൽ കരിയർ ഗൈഡൻസ് കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപകർക്ക് കരിയർ ഗൈഡൻസ് കൗൺസിലിംഗിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ടോ ;

(സി) പ്രസ്തുത കേന്ദ്രങ്ങളിലെ പരിശീലന പരിപാടികളിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഗ്രാമ നഗര വ്യത്യാസമില്ലാതെ, കുട്ടികളെ അവരുടെ അഭിരുചിക്കനുസൃതമായ പഠനമേഖലകൾ തെരഞ്ഞെടുക്കുന്നതിനും അവരുടെ അഭിരുചിക്കും കഴിവിനും അനുയോജ്യമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly